# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1990 | 07.03.2017 ൽ മറുപടിയ്ക്ക്

## സമൂഹമാധ്യമങ്ങൾ വഴി മന്ത്രിമാർക്കെതിരെ അഭിപ്രായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സമൂഹമാധ്യമങ്ങൾ വഴി മന്ത്രിമാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതിന്റെ പേരിൽ ഏതെങ്കിലും പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; | (എ) സമൂഹമാധ്യമങ്ങൾ വഴി സർക്കാരിനെയും മന്ത്രിമാരേയും അവഹേളിക്കുന്ന തരത്തിൽ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 15 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 8 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് പോലീസുകാർക്കോ പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്കോ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ ഇത് ലംഘിച്ചതിന്റെ പേരിൽ ഏതെങ്കിലും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ; | (ബി) സമൂഹമാധ്യമങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ ഇടപെടുന്നതിന് പാലിക്കേണ്ട മര്യാദകളും നിയന്ത്രണങ്ങളും സംബന്ധിച്ച് പോലീസ് ആസ്ഥാനത്തുനിന്നും 31/12/2015-ാം തീയതി സർക്കുലർ നം.45/15 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉന്നത പോലീസുദ്യോഗസ്ഥർ ഇവ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സമൂഹമാധ്യമങ്ങൾ വഴി മുൻ മന്ത്രിമാർക്കെതിരെയോ മറ്റ് രാഷ്ട്രീയ നേതാക്കൾക്കെതിരെയോ അഭിപ്രായം രേഖപ്പെടുത്തിയതിന് ഏതെങ്കിലും പോലീസുകാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.